## പതിനാലാം കേരള നിയമസഭ

## ഇരുപത്തി രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.366 12.01.2021 ൽ മറുപടിയ്ക്ക്

## മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ. ഹരീന്ദ്രൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകളാണ് പ്രവർത്തിച്ചുവരുന്നതെന്നുള്ള പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ 8 മാവേലിസ്റ്റോറുകളും 2 സൂപ്പർമാർക്കറ്റുകളും പ്രവർത്തിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | മാവേലി സറ്റോറുകളില്ലാത്ത പഞ്ചായത്തുകളിൽ പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പാറശ്ശാല നിയോജക മണ്ഡലത്തിൽ പുതുതായി ഏതെങ്കിലും മാവേലി സ്റ്റോർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നല്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 13 പഞ്ചായത്തുകളിൽ മാത്രമാണ് മാവേലിസ്റ്റോറുകൾ/ സപ്ലൈകോ ഔട്ട് ലെറ്റുകൾ ഇല്ലാത്തത്. അതിൽ 6 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയതു പ്രകാരം 3 എണ്ണം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br>പാറശ്ശാല നിയോജക മണ്ഡലത്തിലെ ആര്യങ്കോട് പഞ്ചായത്തിലെ കീഴാറൂർ, മൈലച്ചൽ, ഉടലി എന്നീ സ്ഥലങ്ങളിൽ, നിലവിലെ സർക്കാർ മാനദണ്ഡമനുസരിച്ചുള്ള കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യത പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടേയും അടിസ്ഥാനത്തിൽ ടി വിഷയം പരിഗണിക്കുന്നതാണ്. |
| (സി) | പാറശ്ശാല മണ്ഡലത്തിൽ വെള്ളറട കേന്ദ്രീകരിച്ച് ഒരു | (സി) | പാറശ്ശാല മണ്ഡലത്തിലെ വെള്ളറടയിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന |

| | | | |
|---|---|---|---|
| | മാവേലി സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | മാവേലിസ്റ്റോർ അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് സൂപ്പർ മാർക്കറ്റ് ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | സ്ഥലം | വിഭാഗം | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | അമ്പൂരി | മാവേലിസ്റ്റോർ | അമ്പൂരി |
| 2 | കള്ളിക്കാട് | മാവേലിസ്റ്റോർ | കള്ളിക്കാട് |
| 3 | കാരക്കോണം | മാവേലിസ്റ്റോർ | കുന്നത്തുകാൽ |
| 4 | കൊല്ലയിൽ | മാവേലിസ്റ്റോർ | കൊല്ലയിൽ |
| 5 | കുറുവാട് | മാവേലിസ്റ്റോർ | കുന്നത്തുകാൽ |
| 6 | പാറശാല | മാവേലിസ്റ്റോർ | പാറശാല |
| 7 | പൂഴനാട് | മാവേലിസ്റ്റോർ | ഒറ്റശേഖരമംഗലം |
| 8 | വെള്ളറട | മാവേലിസ്റ്റോർ | വെള്ളറട |
| 9 | മാരായമുട്ടം | സൂപ്പർമാർക്കറ്റ് | പെരുങ്കടവിള |
| 10 | ഒറ്റശേഖരമംഗലം | സൂപ്പർമാർക്കറ്റ് | ആര്യങ്കോട് |

**സെക്ഷൻ ഓഫീസർ**